**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3838** **15-07-2022 - ൽ മറുപടിയ്ക്ക്**

**ശിശു വികസന വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ശിശു വികസന വകുപ്പ് വഴി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത് ; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | വനിതാശിശു വികസന വകുപ്പ് വഴി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ശിശു വികസന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

<u>വനിത ശിശു വികസന വകുപ്പ് കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐ.സി.പി.എസ്.) മുഖേന നടപ്പാക്കുന്ന പദ്ധതികൾ താഴെ പറയുന്നു.</u>

സംസ്ഥാനത്ത് കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും ഉത്തമ താൽപര്യവും ലക്ഷ്യമാക്കി വിവിധ സംരംഭങ്ങളെ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ചു കൊണ്ട് കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS). ഈ പദ്ധതി 2009 – 10 കാലഘട്ടത്തിലാണ് ആരംഭിച്ചതെങ്കിലും 2013 – 14 മുതൽ പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കി വരുന്നു.

<u>പദ്ധതിയുടെ ലക്ഷ്യങ്ങൾ</u>

- 18 വയസ്സിന് താഴെ പ്രായമുള്ള മുഴുവൻ കുട്ടികളുടെയും സുരക്ഷിതത്വവും അവകാശ സംരക്ഷണവും ഉറപ്പ് വരുത്തി ഭാവിയിൽ നല്ല പൗരന്മാരായി വളരുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

- കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്ന ശാരീരിക – മാനസിക – സാമൂഹിക – ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളുടെ അവകാശങ്ങളിന്മേലുള്ള മറ്റുള്ളവരുടെ കടന്നുകയറ്റങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിയ്ക്കുന്നതിനുള്ള ഉറച്ച പ്രതിരോധ സംവിധാനം രൂപീകരിയ്ക്കുക.

- 18 വയസ്സിനു താഴെ പ്രായമുള്ള **കുട്ടികൾക്കും** അവരുടെ കുടുംബാംഗങ്ങൾക്കും വളരെ പെട്ടെന്ന് തൊട്ടടുത്തായി എത്തിപ്പെടാൻ കഴിയുന്ന ഉന്നത ഗുണനിലവാരമുള്ള സർക്കാർ സേവനവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക.

- കുട്ടികളുടെ സംരക്ഷണത്തിനായുള്ള മുഴുവൻ നിയമങ്ങളെയും പദ്ധതികളെയും കൂട്ടിയിണക്കി ഒരു കുടക്കീഴിൽ ഏകോപിപ്പിയ്ക്കുകയും ഇതിനായി വിവിധ സർക്കാർ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുകയും ചെയ്ത് കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുക.

- ഐ.സി.പി.എസ്–ൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

<u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി:</u> ഐ.സി.പി.എസ്– ന്റെ സംസ്ഥാന ഘടകമായ എസ്.സി.പി.എസ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് (രജിസ്റ്റർ നമ്പർ. 2043/11 തീയതി.16.12.2011) ഐ.സി.പി.എസ്. മാർഗ്ഗരേഖ പ്രകാരം തിരുവനന്തപുരത്ത് പൂജപ്പുരയിൽ പ്രവർത്തിച്ച് വരുന്നു. ഐ.സി.പി.എസ്– ന്റെ ചുമതലകളും പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.

<u>ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ:</u> ജില്ലയിലെ ശിശു സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി ചെറുക്കുന്നതിനും, നിയമത്തിന്റെ പരിഗണനയിൽ എത്തുന്ന കുട്ടികൾക്ക് ഉചിതമായ പുനരധിവാസം ഉറപ്പാക്കുന്നതിനുമായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

<u>ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ:</u> ജെ.ജെ.ആക്ട് നിഷ്കർഷിയ്ക്കുന്നതു പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഓരോ ജില്ലയിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.

ജുവനൈൽ ജസ്റ്റീസ് ബോർഡ്: നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്ത് 14 ജില്ലകളിലും ജുവനൈൽ ജസ്റ്റീസ് ബോർഡ് പ്രവർത്തിയ്ക്കുന്നു (ജെ.ജെ.ആക്ട് വകുപ്പ്- 4) ഓരോ ജുവനൈൽ ജസ്റ്റീസ് ബോർഡിലും ഒരു പ്രിൻസിപ്പൽ മജിസ്ട്രേറ്റും (ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ്) 2 സോഷ്യൽ വർക്കർ മെമ്പർമാരുമാണുള്ളത്.

സ്ഥാപനതേര സംരക്ഷണ പദ്ധതികൾ: ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

ദത്തെടുക്കൽ: ജന്മം നൽകിയ മാതാപിതാക്കളിൽ നിന്ന് കുഞ്ഞിനെ സ്ഥിരമായി വേർപ്പെടുത്തപ്പെടുകയും, ഏറ്റെടുക്കുന്ന മാതാപിതാക്കളിൽ നിന്ന് നിയമപരമായ എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും കുഞ്ഞിന് ലഭ്യമാക്കുന്നതുമായ നടപടിയാണ് ദത്തെടുക്കൽ.

സ്പോൺസർഷിപ്പ്: സാമ്പത്തിക പരാധീനതമൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായമായി പ്രതിമാസം 2000/-രൂപ വീതം നൽകുന്ന പദ്ധതി.

ഫോസ്റ്റർ കെയർ: കുടുംബങ്ങളിലെ പ്രതികൂല സാഹചര്യം കാരണം മാതാപിതാക്കളോടൊപ്പമോ മറ്റു ബന്ധുക്കളോടൊപ്പമോ ജീവിക്കാൻ സാധിയ്ക്കാത്ത കുട്ടികൾക്ക് അവരെ സ്വീകരിയ്ക്കാൻ തയ്യാറും പ്രാപ്തിയുമുള്ള മറ്റു കുടുംബങ്ങളിൽ സന്തോഷപൂർവ്വം ജീവിയ്ക്കാൻ അവസരം ഒരുക്കികൊടുക്കുകയാണ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ഉദ്ദേശ്യം.

എ) ഗ്രൂപ്പ് ഫോസ്റ്റർ കെയർ

ബി) കിൻഷിപ്പ് ഫോസ്റ്റർ കെയർ

ഗ്രൂപ്പ് ഫോസ്റ്റർ കെയർ: സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത വിവിധ സ്ഥാപനങ്ങളുടെ സംരക്ഷണയിൽ കഴിയുന്ന കുട്ടികളുടെ പുനരധിവാസം ലക്ഷ്യം വച്ചുകൊണ്ട് നടത്തുവാൻ ഉദ്ദേശിയ്ക്കുന്ന പദ്ധതിയാണ് ഗ്രൂപ്പ് ഫോസ്റ്റർ കെയർ പദ്ധതി. ടി പദ്ധതി നടപ്പാക്കുന്നതിനായി ജില്ലകളിൽ പ്രചരണം നടത്തുകയും ഫോസ്റ്റർ കെയറിനായി അനുയോജ്യരായ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അപേക്ഷകൾ സ്വീകരിയ്ക്കുകയും കൂടാതെ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിയ്ക്കുന്ന ഗ്രൂപ്പ് ഫോസ്റ്റർ കെയർ പദ്ധതിയ്ക്ക് അനുയോജ്യരായ കുട്ടികളെ കണ്ടെത്തുന്നതിന് എല്ലാ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ മുഖേനയും നടപടി സ്വീകരിച്ചു വരുന്നു.

കിൻഷിപ്പ് ഫോസ്റ്റർ കെയർ: സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിയ്ക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്നതോ മാതാപിതാക്കൾക്ക് പരിചരിയ്ക്കാൻ കഴിയാത്തതോ ആയ കുട്ടികളെ പരിചരിയ്ക്കാൻ കഴിയുന്ന സാമൂഹ്യസാഹചര്യമുള്ള ബന്ധു കുടുംബങ്ങളിലേയ്ക്ക് മതിയായ സാമ്പത്തിക സഹായം നൽകി ചുരുങ്ങിയ കാലത്തേയ്ക്ക് പുനരധിവസിപ്പിയ്ക്കുക എന്നതാണ് കിൻഷിപ്പ് ഫോസ്റ്റർ കെയർ പദ്ധതികൊണ്ട് ഉദ്ദേശിയ്ക്കുന്നത്.

സർക്കാർ ചിൽഡ്രൻസ് ഹോമുകൾ: സംസ്ഥാനത്ത് ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതുമായ കുട്ടികളെ സംരക്ഷിക്കുന്നതിനായി 27 ഹോമുകൾ സർക്കാർ നേരിട്ട് നടത്തുന്നു.

ഐ.സി.പി.എസ്. ധനസഹായത്തോടെ സന്നദ്ധ സംഘടനകൾ നടത്തുന്ന ചൈൽഡ് കെയർ സ്ഥാപനം

ക്വയലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിയ്ക്കുന്ന അഞ്ജനം ചിൽഡ്രൻസ് ഹോമിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള 25 പെൺകുട്ടികളെ പുനരധിവസിപ്പിച്ച് വരുന്നു.

<u>സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി (SAA):</u> 6 വയസ്സിനു താഴെ പ്രായമുള്ളതും , ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും, ദത്തെടുക്കലിനു വിധേയരാകേണ്ടതുമായ കുട്ടികളെ സംരക്ഷിയ്ക്കുന്ന സ്ഥാപനങ്ങളാണ് SAA. സംസ്ഥാനത്ത് നിലവിൽ 14 അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നു.

<u>തുറന്ന അഭയ ഭവനങ്ങൾ (Open shelters):</u> തെരുവു കുട്ടികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനുള്ള 4 തുറന്ന അഭയ ഭവനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു. ലിസ്റ്റ് ചുവടെ ചേർക്കുന്നു.

- ഡോൺ ബോസ്കോ സൊസൈറ്റി, തിരുവനന്തപുരം.
- ഫ്രീ ബേർഡ്സ്, കോഴിക്കോട് (ബോയ്സ്)
- ഡ്രീംസ്, കണ്ണൂർ
- ഫ്രീ ബേർഡ്സ്, കോഴിക്കോട് (ഗേൾസ്)

<u>ഐ.സി.പി.എസ്. മുഖേന കുട്ടികൾക്കു വേണ്ടി നടപ്പിലാക്കുന്ന മറ്റു പദ്ധതികൾ</u>

<u>ഔവർ</u> <u>റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി)</u>

കുട്ടികൾ അനുഭവിയ്ക്കുന്ന സ്വഭാവ – വൈകാരിക – പഠന – മാനസികാരോഗ്യ – സാമൂഹിക വെല്ലുവിളികൾ സ്കൂൾ തലത്തിൽ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതു സമൂഹത്തിന്റെയും കൂട്ടായ്മയിൽ ശാസ്ത്രീയമായ രീതിയിൽ കണ്ടെത്തി പരിഹരിയ്ക്കുന്നതിനും കുട്ടികളിലെ ജീവിത നൈപുണികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതി. നിലവിൽ പദ്ധതി സംസ്ഥാനത്തെ 348 സ്കൂളുകളിൽ നടപ്പാക്കി വരുന്നു.

<u>കാവൽ പദ്ധതി:</u> സംസ്ഥാനത്തെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സാമൂഹികാവസ്ഥ മെച്ചപ്പെടുത്തി സാമൂഹ്യധിഷ്ഠിത പുനരധിവാസം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധസംഘടനകൾ വഴി നടപ്പാക്കുന്ന പദ്ധതിയാണ് കാവൽ. പദ്ധതി നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു.

<u>സനാഥബാല്യം (അവധിക്കാല പോറ്റിവളർത്തൽ):</u> പല സാഹചര്യങ്ങളാൽ മാതാപിതാക്കൾക്ക് കൂടെ നിർത്തി സംരക്ഷിയ്ക്കുവാൻ കഴിയാത്തതും, ചിൽഡ്രൻസ് ഹോമിലെ താമസക്കാരുമായി കുട്ടികൾക്ക് അവധിക്കാലത്ത് വീടനുഭവം നൽകാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് അവധിക്കാല പോറ്റിവളർത്തൽ പദ്ധതി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി നടപ്പാക്കി വരുന്നു.

<u>ഉജ്ജ്വലബാല്യം:</u> കലാ – കായിക – ശാസ്ത്ര – സാംസ്കാരിക – സാമൂഹ്യ – സാഹിത്യ രംഗങ്ങളിൽ അസാധാരണ മികവ് കാണിയ്ക്കുന്ന കുട്ടികൾക്ക് പുരസ്കാരം നൽകുന്ന പദ്ധതി. ഒരു ജില്ലയിൽ നിന്നും ഒരു കുട്ടിയ്ക്ക് 25,000/രൂപയും, പ്രശസ്തി പത്രവും ട്രോഫിയും നൽകുന്നു.

കേന്ദ്ര സർക്കാരിന്റെ National child award for exceptional achievement Award വാങ്ങുന്ന സംസ്ഥാനത്തെ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത് . ഗോൾഡ് മെഡൽ നേടുന്ന കുട്ടികൾക്ക് 7500/-രൂപ വീതവും സിൽവർ മെഡൽ നേടുന്ന കുട്ടികൾക്ക് 5000/-രൂപ വീതവും നൽകുന്നു.

<u>വിജ്ഞാനദീപ്തി:</u> ഈ പദ്ധതിയിൽ സാമ്പത്തിക പരാധീനകൾ അനുഭവിക്കുന്ന കുടുംബത്തിലെ രണ്ട് കുട്ടികൾക്ക് വരെ പ്രതിമാസം 2000/-രൂപ വീതം തുടർച്ചയായി മൂന്ന് വർഷം ധനസഹായം നൽകുന്ന സംസ്ഥാന സർക്കാരിന്റെ സ്പോൺസർഷിപ്പ് പദ്ധതിയാണ് വിജ്ഞാനദീപ്തി.

<u>ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ:</u> 2015 ജെ.ജെ. ആക്ട് പ്രകാരം സ്ഥാപന സംരക്ഷണം അവസാനത്തെ അത്താണിയാണ്. സംസ്ഥാനത്ത് ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത 817 ചൈൽഡ് കെയർ സ്ഥാപനങ്ങളിലായി ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള 20000 ത്തോളം കുട്ടികൾ താമസിച്ച് വരുന്നു. സ്ഥാപനത്തിലുള്ള താമസം കുട്ടികളുടെ ആത്മാഭിമാനവും ആത്മവിശ്വാസവും കുറയ്ക്കുന്നതായി പല പഠനങ്ങളും സൂചിപ്പിക്കുന്നു. ആയതിനാൽ ഇത്തരം കുട്ടികൾക്ക് സ്ഥാപനേതര സംരക്ഷണം ഉറപ്പുവരുത്തി അവർക്ക് കുടുംബ മൂല്യത്തിന്റെ പ്രാധാന്യം ലഭ്യമാക്കേണ്ടതും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് ഡി- ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ.

ലോക്ഡൗൺ കാലയളവിൽ ജെ.ജെ. സ്ഥാപനങ്ങളിൽ നിന്ന് 16000 ത്തോളം കുട്ടികൾ വീടുകളിലേയ്ക്ക് പോയിരുന്നു. ജെ.ജെ. സ്ഥാപനങ്ങളിൽ നിന്ന് സ്വന്തം കുടുംബങ്ങളിലേയ്ക്ക് പോയ കുട്ടികളെ ഹോം സ്റ്റഡി നടത്തി ഡി -ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 23.05.2020 ലെ G.O.(Rt) No.207/2020/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്ഥാപനേതര സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി പ്രസ്തുത കുട്ടികളുടെ ഹോം സ്റ്റഡി വിവരശേഖരണത്തിനായി ഒരു ഓൺലൈൻ വിവര ശേഖരണ ഫോർമാറ്റ് സി-ഡിറ്റിന്റെ സഹായത്തോടുകൂടി തയ്യാറാക്കുകയും ഇതു സംബന്ധിച്ച് വിശദമായ ഗൈഡ് ലൈൻ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും ജില്ലാ ശിശു സംരക്ഷണ ഓഫീസർ മാർക്കും നല്കുകയും ചെയ്തു. ഹോം സ്റ്റഡി പൂർത്തിയാക്കി സാധ്യമാകുന്ന മുഴുവൻ കുട്ടികളെയും പുനരധിവസിപ്പിച്ചു വരുന്നു.

<u>ആഫ്റ്റർ കെയർ:</u> സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികൾ 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് അവരെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയുള്ളവരാക്കി മാറ്റുക എന്നതാണ് ആഫ്റ്റർ കെയർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി 16 വയസ്സുമുതൽ തന്നെ അവർക്ക് വ്യക്തി കേന്ദ്രീകൃത പരിശീലനവും മാനസികമായി തയ്യാറാക്കുന്നതിനുള്ള ഇടപെടലുകളും നടത്തേണ്ടതുണ്ട്. വളരെ തീവ്രമായ ഇടപെടൽ വേണ്ട പദ്ധതിയ്ക്ക് പ്രൊഫഷണൽ സമീപനവും സഹായവും ആവശ്യമാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പ് HLFPPT യുടെ സഹായത്തോടെ സംസ്ഥാനത്തെ 16 സർക്കാർ ചിൽഡ്രൻസ് ഹോമുകളിലും 3 ആഫ്റ്റർ കെയർ ഹോമുകളിലും പദ്ധതി നടപ്പാക്കി വരുന്നു.

<u>കാവൽ പ്ലസ് – ശരണബാല്യം:</u> ബാലവേല – ബാലഭിക്ഷാടനം – തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി നടപ്പാക്കി വരുന്ന പദ്ധതിയാണ് ശരണബാല്യം. 2017 – 18 പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിൽ നടപ്പാക്കുകയും പദ്ധതിയുടെ മികച്ച നേട്ടത്തെ തുടർന്ന് 2019 – 20 കാലഘട്ടത്തിൽ പദ്ധതി എല്ലാ ജില്ലയിലും നടപ്പാക്കി. 2020 – 21 സാമ്പത്തിക വർഷത്തിൽ കാവൽ പ്ലസ് പദ്ധതിയ്ക്ക് (Community based rehabilitation and re-integration for CNCP children through psychological approach) സംസ്ഥാനത്ത് തുടക്കം കുറിച്ചു. ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ എത്തുന്ന അതിതീവ്രമായ പ്രശ്നങ്ങൾ

നേരിടുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് സാമൂഹ്യ - മാനസിക പരിരക്ഷയും പിന്തുണയും നൽകി അവർക്ക് ശരിയായ സാമൂഹ്യജീവിതം നയിയ്ക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ സാമൂഹ്യ ഇടപെടൽ പദ്ധതിയാണ് കാവൽ പ്ലസ്.

<u>പാരന്റിംഗ് ക്ലിനിക്കുകൾ</u>- നിലവിൽ സംസ്ഥാനത്തെ 158 ബ്ലോക്കുകളിലായാണ്( 152 പഞ്ചായത്തുകളിലും 6 കോർപ്പറേഷനുകളിലും) പാരന്റിംഗ് ക്ലിനിക്കുകൾ പരിശീലനം നേടിയ സ്കൂൾ കൗൺസിലർമാരുടെ നേതൃത്വത്തിൽ പ്രവർത്തിയ്ക്കുന്നത്. എല്ലാ ശനിയാഴ്ചകളിലും (പൊതു അവധി ദിവസങ്ങളൊഴികെ) രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 മണി വരെയാണ് ക്ലിനിക്ക് പ്രവർത്തിയ്ക്കുന്നത്. ഫലപ്രദമായ രക്ഷാകർത്തൃത്വവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കുള്ള സംശയങ്ങൾക്ക് ശാസ്ത്രീയമായ മാർഗ്ഗനിർദ്ദേശങ്ങൾ പാരന്റിംഗ് ക്ലിനിക്കുകൾ വഴി നൽകി വരുന്നു. കുട്ടികൾ നേരിടുന്ന സ്വഭാവ - വൈകാരിക - മാനസികാരോഗ്യ പ്രശ്നങ്ങളിൽ ഫലപ്രദമായ ഇടപെടൽ സാധ്യമാകുകയും കൂടുതൽ ഇടപെടൽ ആവശ്യമായി വരുന്ന കുട്ടികളെയും മാതാപിതാക്കളെയും വിദഗ്ധ പരിചരണം നൽകുന്നതിനായി ജില്ലാ റിസോഴ്സ് സെന്ററിലേയ്ക്ക് റഫർ ചെയ്യുന്നു. ആധുനിക കാലഘട്ടത്തിൽ രക്ഷിതാക്കൾ സ്വീകരിയ്ക്കേണ്ട രക്ഷാകർത്തൃ രീതികളെ കുറിച്ച് അറിവും അവബോധവുമുള്ള കൗൺസിലർ മാർ / സൈക്കോളജിസ്റ്റുമാർ എന്നിവരുടെ പാനൽ കേരളത്തിലെ എല്ലാ ജില്ലകളിലേയും ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ നേതൃത്വത്തിൽ തയ്യാറാക്കുകയും സേവനങ്ങൾ നൽകി വരികയും ചെയ്യുന്നു.

<u>പാരന്റിംഗ് ഔട്ട് റീച്ച് ക്യാമ്പുകൾ</u> - ഉത്തരവാദിത്ത പൂർണ്ണമായ രക്ഷാകർത്തൃത്വം സംബന്ധിച്ച് മാതാപിതാക്കൾക്കിടയിൽ അവബോധം സൃഷ്ടിയ്ക്കുവാനും പാരന്റിംഗിൽ ശാസ്ത്രീയമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ വകുപ്പ് മുഖേന ഐ.സി.പി.എസ്-ന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ചാക്രികരീതിയിൽ പാരന്റിംഗ് ഔട്ട് റീച്ച് ക്യാമ്പുകൾ നടത്തി വരുന്നു. പഞ്ചായത്തിന്റെ സഹകരണത്തോടെ എല്ലാ ശനിയാഴ്ചകളിലും ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ വൈകുന്നേരം അഞ്ചുമണിവരെയാണ് ഔട്ട്റീച്ച് ക്യാമ്പുകൾ പ്രവർത്തിയ്ക്കുന്നത്. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ന്യൂട്രിഷനിസ്റ്റ് എന്നിവരുടെ സേവനം പഞ്ചായത്ത് അധികൃതരുടെ സഹകരണത്തോടെ ക്യാമ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിൽ എല്ലാ ശനിയാഴ്ചകളിലും പ്രവർത്തിച്ചുവരുന്ന പാരന്റിംഗ് ക്ലിനിക്കുകൾ പുറമെയാണ് പഞ്ചായത്ത് തല ഔട്ട്റീച്ച് ക്യാമ്പുകൾ.

<u>നിനവ്:</u> കേരളത്തിലെ കുട്ടികളിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യപ്രവണത തടയുന്നതിനുള്ള പ്രതിരോധ പരിപാടിയാണ് നിനവ്. കുട്ടികൾക്കിടയിൽ ശാസ്ത്രീയമായ പഠനങ്ങളും ഗവേഷണങ്ങളും നടത്തുക, രക്ഷകർത്താക്കൾക്കും, അദ്ധ്യാപകർക്കും പരിശീലനങ്ങൾ നടത്തുക, കുട്ടികൾക്കിടയിൽ ആത്മഹത്യ തടയുന്നതിന് ഒരുമിച്ച് പ്രവർത്തിയ്ക്കുക, കുട്ടികൾക്കിടയിൽ നല്ല മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെയും ആവശ്യകതയേയും കുറിച്ച് സമൂഹത്തിൽ മുഴുവൻ അവബോധം സൃഷ്ടിയ്ക്കുക എന്നിവയാണ് ഈ ആത്മഹത്യാ പ്രതിരോധ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

<u>മാസ്റ്റർ ഷെഫീഖ് കമ്മിറ്റി കരുതൽ തുക</u> - അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനുള്ള പദ്ധതി.

<u>ബാലനിധി -</u> സമൂഹത്തിൽ വിവിധ ബുദ്ധിമുട്ടുകൾ അനുഭവിയ്ക്കുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്നതിനായി ബാലനീതി നിയമം 2015 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

<u>അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്കുള്ള പിന്തുണ പദ്ധതികൾ :</u> അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് കേസ്, വിചാരണ എന്നീ ഘട്ടങ്ങളിൽ ആവശ്യമായ മാനസിക

പിന്തുണ നൽകുന്നതിനും നിയമ സഹായം നൽകുന്നതിനുമായി സപ്പോർട്ട് പേഴ്സൺ, വിദഗ്ധർ എന്നിവരുടെ സഹായം സൗജന്യമായി നൽകി വരുന്നു.

പാരന്റിംഗ് ക്യാമ്പയിൻ: കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി രക്ഷിതാക്കളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിനുള്ള പാരന്റിംഗ് ക്യാമ്പയിന്റെ ഭാഗമായി ഹ്രസ്വചിത്രം , ഡോക്യുമെന്ററി, പോസ്റ്ററുകൾ, സെമിനാറുകൾ, എഫ്.എം. ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ: കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വില്ലേജ് , പഞ്ചായത്ത്, ബ്ലോക്ക്, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി തലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും ടി കമ്മിറ്റികൾ ശാക്തീകരിക്കുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾക്കും വകുപ്പിലെ ജീവനക്കാർക്കും പരിശീലനം നൽകിവരുകയും ചെയ്യുന്നു.

ജില്ലാ ജുവനൈൽ ജസ്റ്റീസ് കമ്മിറ്റി: ജില്ലാതലത്തിൽ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും വിലയിരുത്തുന്നതിനായി ജില്ലാ ജഡ്ജി അദ്ധ്യക്ഷനായി വിവിധ കർത്തവ്യ വാഹകരെ ഉൾപ്പെടുത്തി ജില്ലാ ജുവനൈൽ ജസ്റ്റീസ് കമ്മിറ്റി 25.03.2019 ലെ സർക്കാർ ഉത്തരവ്(സാധാ) നമ്പർ. 169/2019/SJD പ്രകാരം രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു

- കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി

അട്ടപ്പാടി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **കമ്മ്യൂണിറ്റി കിച്ചൺ**. അട്ടപ്പാടി ബ്ലോക്കിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ മൂന്ന് പഞ്ചായത്തുകളിലെ ആദിവാസി ഊരുകൾ കേന്ദ്രീകരിച്ചാണ് 2013 മുതൽ പദ്ധതി നടപ്പിലാക്കി വരുന്നത് . ഐ.സി.ഡി.എസ് ഗുണഭോക്താക്കൾക്കു പുറമെ ഭിന്നശേഷിയുള്ളവർ , കിടപ്പുരോഗികൾ, വയോജനങ്ങൾ,മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ, വിധവകൾ എന്നിവരാണ് കമ്മ്യൂണിറ്റി കിച്ചന്റെ ഗുണഭോക്താക്കൾ . പദ്ധതിക്കാവശ്യമായ ഫണ്ട് വനിതാശിശുവികസന വകുപ്പും പട്ടിക വർഗ്ഗ വികസന വകുപ്പും 60 : 40 എന്ന അനുപാതത്തിൽ സംയുക്തമായാണ് നൽകി വരുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഭക്ഷണ സാധനങ്ങൾ ഏറ്റെടുക്കൽ പാചകം, വിതരണം തുടങ്ങിയവയുടെ പൂർണ്ണമായ ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിക്കുകയും 2014 ഡിസംബർ മുതൽ കുടുംബശ്രീ മുഖാന്തിരം പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. കുടുംബശ്രീ മുഖേന ഭക്ഷണ സാധനങ്ങൾ ഏറ്റെടുത്ത് പാചകം ചെയ്ത് ഭക്ഷണപദാർത്ഥം രാവിലെയും വൈകുന്നേരവും ഗുണഭോക്താക്കൾക്ക് കമ്മ്യൂണിറ്റി കിച്ചണുകളിലൂടെ വിതരണം ചെയ്യുന്നു.

- ആദ്യ 1000 ദിന പരിപാടി

ഗർഭാവസ്ഥയിലായിരിക്കുമ്പോൾ മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതു വരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതും കുട്ടിയുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും ആദ്യ 1000 ദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013 ൽ അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്ടിലാണ് ആദ്യ 1000 ദിന പരിപാടി ആരംഭിച്ചിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷം മുതൽ എസ്.സി./എസ്.റ്റി.

ജനസംഖ്യ, മത്സ്യത്തൊഴിലാളി ജനസംഖ്യ, തൂക്കക്കുറവുള്ള കുട്ടികളുടെ എണ്ണം എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട ഘടകങ്ങൾ കണക്കിലെടുത്ത് 10 ഐ. സി. ഡി. എസ്. പ്രോജക്ടുകളിൽ കൂടി വ്യാപിപ്പിക്കുകയും 2021-22 സാമ്പത്തിക വർഷം മുതൽ പുതിയ 17 പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 28 പ്രോജക്ടുകളിൽ ജില്ലയിൽ 2 വീതം പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തു.

2021-22 സാമ്പത്തിക വർഷം കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വന്നിരുന്ന മെഡിക്കൽ ക്യാമ്പ്, ആരോഗ്യവകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ആയത് ലഭ്യമായ പ്രോജക്ടുകൾ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തു . പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്കുള്ള പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് പാക്കറ്റുകൾ അങ്കണവാടികൾ മുഖേന വിതരണം ചെയ്യുന്നു. അങ്കണവാടി വർക്കർമാർ, സൂപ്പർവൈസർമാർ എന്നിവർ മുഖേന ഗുണഭോക്താക്കൾക്ക് പദ്ധതിയുമായി ബന്ധപ്പെട്ട ബോധവൽക്കരണം online ആയും അല്ലാതെയും നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട് . 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് പുതിയ 14 പ്രോജക്ടുകളിൽ കൂടി (ജില്ലയിൽ 1 വീതം) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

- <u>സ്കീം ഫോർ അഡോളസെന്റ് ഗേൾസ്</u>

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയിലൂടെ 11-14 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത (school dropout) പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50 :50 എന്ന അനുപാതത്തിലാണ് പദ്ധതിയ്ക്കായി തുക ചെലവഴിക്കുന്നത് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആരോഗ്യപോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ പോഷകാഹാരവും ആരോഗ്യനിലയും മെച്ചപ്പെടുത്തുക, ആരോഗ്യം, ശുചിത്വം, പോഷണം എന്നീ കാര്യങ്ങളിൽ അവബോധം ഉണ്ടാക്കുക , സ്വയം വികസനത്തിനും ശാക്തീകരണത്തിനുമായി കൗമാരപ്രായക്കാരായ പെൺകുട്ടികളെ പ്രാപ്തരാക്കുക, കൗമാരപ്രായക്കാരായ സ്കൂളിൽ പോകാത്ത പെൺകുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്നതിന് പ്രോൽസാഹിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദ്യേശ്യലക്ഷ്യങ്ങൾ. 2022-23 സാമ്പത്തിക വർഷം മുതൽ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി പരിഷ്കരിക്കുകയും നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റിലും ആസ്പിരേഷണൽ ജില്ലകളിലുമുള്ള 14-18 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയുണ്ടായി . സംസ്ഥാനത്ത് ആസ്പിരേഷൻ ജില്ലയായ വയനാട്ടിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന 11-14 വയസ്സുവരെയുള്ള പെൺകുട്ടികളെ തിരികെ സ്കൂളിലേയ്ക്ക് എത്തിക്കുന്നതിനായി കന്യാശിക്ഷാ പ്രവേശ് ഉത്സവ് എന്ന പദ്ധതിയ്ക്ക് കേന്ദ്രഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്.

- <u>സൈക്കോ സോഷ്യൽ സർവീസസ് പദ്ധതി (സ്കൂൾ കൗൺസിലർമാർ)</u>

കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹ്യ-മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തെ വനിത ശിശുവികസന വകുപ്പ് വഴി സർക്കാർ, എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൈക്കോ സോഷ്യൽ സർവിസ് പദ്ധതി . ഈ പദ്ധതി 1012 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനാണ് നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ 995 സ്കൂൾ കൗൺസിലർമാർ സേവനമനുഷ്ഠിച്ച് വരുന്നു . MSW in Medical & Psychiatric Social Work / MA/MSc Psychology / MA/MSc degree in Applied Psychology ആണ് സൈക്കോസോഷ്യൽ കൗൺസിലർമാരുടെ യോഗ്യത . സൈക്കോസോഷ്യൽ സർവിസ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ അംഗീകരിച്ചിട്ടുള്ള SOP (Standard Operating System) നിലവിലുണ്ട്.

കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരിക, മാനസിക, ആരോഗ്യ, പഠന നിലവാരം മുൻനിർത്തിക്കൊണ്ടുള്ള കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്. അതോടൊപ്പംതന്നെ അവശ്യഘട്ടങ്ങളിൽ കുട്ടികൾക്ക് വേണ്ട പിന്തുണ നൽകുന്നതിന് രക്ഷകർത്താക്കളെ പ്രാപ്തരാക്കുന്നതിന് പാരന്റിംഗ് പരിശീലനത്തിലൂടെ കൗൺസിലർമാരുടെ സഹായം ലഭ്യമാക്കുന്നു . ഇതിന്റെ ഭാഗമായി സ്കൂളുകൾ, അങ്കണവാടികൾ മുതലായവ കേന്ദ്രീകരിച്ച് വ്യക്തിഗത /ഗ്രൂപ്പ് കൗൺസലിംഗ്, നിയമ പരിരക്ഷ സംബന്ധിച്ച ബോധവത്ക്കരണം എന്നിവ കൗൺസിലർമാർ ഈ പദ്ധതിവഴി നൽകി വരുന്നു. കോവിഡ്-19 പശ്ചാത്തലത്തിൽ സ്കൂളുകളും,അങ്കണവാടികളും അടച്ചിട്ടിരുന്ന സാഹചര്യത്തിൽ കോവിഡ് രോഗത്താൽ മാനസിക സമ്മർദ്ദം അനുഭവിക്കുന്നവർക്കും, മറ്റ് അവശ ജനവിഭാഗങ്ങൾക്കും DMHP യുമായി ബന്ധപ്പെട്ട് കൗൺസിലിംഗ് നൽകിവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 2021-2022 സാമ്പത്തിക വർഷത്തിൽ 26.80 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം മുഖ്യമന്ത്രിയുടെ പത്തിന പരിപാടിയിൽ ഉൾപ്പെടുത്തി സൈക്കോസോഷ്യൽ സ്കൂളുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

- ഈ പദ്ധതി പ്രകാരം സേവനമനുഷ്ഠിച്ചു വരുന്ന സ്കൂൾ കൗൺസിലർമാർക്ക് DMHP ഡ്യൂട്ടിയുടെ ഭാഗമായി ടെലികൗൺസിലിംഗ് നടത്തിയ വകയിൽ 2021-22 സാമ്പത്തിക വർഷം 10,72,629/- രൂപ അനുവദിച്ചിട്ടുണ്ട്.
- 300 സ്കൂൾ കൗൺസിലർമാർക്ക് ജോബ് പരിശീലനവും, 186 പേർക്ക് റിഫ്രെഷർ പരിശീലനവും നൽകിയ ഇനത്തിൽ 1,62,518/- രൂപ ചെലവഴിച്ചിട്ടുണ്ട്.
- നടപ്പ വർഷം സൈക്കോസോഷ്യൽ കൗൺസിലർമാരുടെ ജില്ലാതല ത്രൈമാസ റിവ്യൂ മീറ്റിംഗ് നടത്തുന്നതിനായി 12,08,000/- രൂപയുടെ പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്.

- കൂടാതെ "ദീപ്തം"-കൗമാരം കരുതലും കൗൺസിലിംഗും എന്ന പേരിൽ CDC തയ്യാറാക്കിയ സൈക്കോസോഷ്യൽ കൗൺസിലർമാർക്കുള്ള കൈപ്പുസ്തകം പ്രിന്റ് ചെയ്യുന്നതിന് 90,081/-രൂപയുടെ സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

വർണ്ണക്കൂട്ട്

സംസ്ഥാനത്ത് അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കുമാരി ക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വനിതാശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 33,115 അങ്കണവാടികളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളെ "വർണ്ണക്കൂട്ട്" എന്ന് പുനർനാമകരണം ചെയ്യുകയും, കൗമാരപ്രായക്കാരായ കുട്ടികളുടെ ശാക്തീകരണവും , ശാരീരികവും മാനസികമായ ഉന്നമനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും 1000/- രൂപയുടെ സ്പോർട്സ് / ഗെയിം കിറ്റ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 'വർണ്ണക്കൂട്ടിലെ' കുട്ടികൾക്ക് പ്രയോജനപ്രദമാകുന്നതും കാലിക പ്രാധാന്യമുള്ളതുമായ വിവിധ വിഷയങ്ങൾ തെരഞ്ഞെടുത്ത് ബോധവൽക്കരണ ക്ലാസുകൾ നൽകിയിട്ടുണ്ട്. നടപ്പ് വർഷവും വർണ്ണക്കൂട്ടിലെ' അംഗങ്ങൾക്ക് നാല് ത്രൈമാസങ്ങളിലായി ഓരോ വിഷയത്തിൽ ബോധവൽക്കരണ ക്ലാസുകൾ നൽകുവാനും അതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തങ്ങൾ നടത്തുവാനും സർക്കാർ ഭരണാനുമതി ലഭ്യമാക്കുകയും , ആയതു നടപ്പിലാക്കുന്നതിനു ജില്ലകൾക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഇവ കൂടാതെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കൗമാരക്കാർക്ക് പഠനാവശ്യത്തിനു ഉപയോഗപ്രദമാക്കുന്നതിലേക്ക് നടപ്പ് വർഷം സംസ്ഥാനത്ത് സെക്ടർ തലത്തിൽ തെരഞ്ഞെടുക്കുന്ന അങ്കണവാടികൾക്കു വൈഫൈ കണക്ഷൻ നൽകുന്നതിനു സർക്കാർ അനുമതിയോടെ 30,75,000/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ വർണ്ണക്കൂട്ടുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപ്പു വർഷം പ്രോജക്റ്റ് തലത്തിലും, ജില്ലാ തലത്തിലും തെരഞ്ഞെടുക്കുന്ന മികച്ച വർണ്ണക്കൂട്ടുകൾക്ക് യഥാക്രമം 1250/- രൂപാ, 5000/- രൂപാ എന്നിങ്ങനെ അവാർഡ് നൽകുവാനും സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

- കഴിഞ്ഞ സാമ്പത്തിക വർഷം അങ്കണവാടികൾക്ക് സ്പോർട്സ് കിറ്റ് അനുവദിച്ച വകയിൽ 3,31,15,000/- രൂപയും, ബോധവൽക്കരണ ക്ലാസുകൾ നൽകിയ വകയിൽ 1,11,32,500/- ചെലവഴിച്ചു.
- നടപ്പ് വർഷം ബോധവൽക്കരണ ക്ലാസുകൾക്കായി 3,31,15,000/- രൂപയുടെയും, മികച്ച വർണ്ണക്കൂട്ട് കണ്ടെത്തി അവാർഡ് നൽകുന്നതിനായി 3,92,500/- രൂപയുടെയും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.
- സംസ്ഥാനത്ത് സെക്ടർ തലത്തിൽ തെരഞ്ഞെടുക്കുന്ന അങ്കണവാടികൾക്കു വൈഫൈ കണക്ഷൻ നൽകുന്നതിനു 30,75,000/- രൂപ അനുവദിച്ചിട്ടുണ്ട്.

വകുപ്പ് വഴി 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ, ഗുരുതര പോഷകാഹാര കുറവുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്കായി അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. 50% കേന്ദ്രവിഹിതവും 50% സംസ്ഥാന വിഹിതവും വിനിയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനെയാണ് ടി പദ്ധതി

നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ട്രൈബൽ മേഖലകളിൽ ഉൾപ്പെടെയുള്ള 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു ദിവസം 8/- രൂപയും , ഗുരുതര പോഷകാഹാര കുറവുള്ള കുട്ടികൾക്ക് 12/- രൂപയും,ഗർഭിണികൾ,പാലൂട്ടുന്ന അമ്മമാർക്ക് 9.50/- രൂപയും, ഇതിനായി കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഇതിലൂടെ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് കുടുംബശ്രീയുടെ സ്വയം സഹായ സംഘങ്ങൾ നിർമിക്കുന്ന അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായും, 3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് മോർണിംഗ് സ്നാക്ക്സ്, നൂൺ ഫീഡിങ് , ജനറൽ ഫീഡിങ്, ഗുരുതര പോഷകാഹാര കുറവുള്ള കുട്ടികൾക്ക് ഡബിൾ റേഷനും, ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും ജനറൽ ഫീഡിങ് ടേക്ക് ഹോം റേഷനായും നല്കുന്നു.

ഐ.സി.ഡി.എസ്. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

- ഐ.സി.ഡി.എസ്. പരിശീലന പരിപാടി

ഐ.സി.ഡി.എസ്. പരിശീലന പരിപാടി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായിട്ടാണ് നടപ്പിലാക്കിയിരുന്നത്. 2022-23 വർഷം മുതൽ പദ്ധതി നിർ ത്തലാക്കുന്നതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട് . എന്നാൽ ഈ വർഷം മുതൽ അങ്കണവാടി വർക്കർ ,ഹെൽപ്പർ, സൂപ്പർവൈസർമാർ എന്നിവർക്ക് റിഫ്രഷർ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- നാഷണൽ ക്രഷ് സ്കീം

നാഷണൽ ക്രഷ് സ്കീം പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന ക്രഷുകൾക്ക് കേന്ദ്ര സർക്കാർ – 60%, സംസ്ഥാന സർക്കാർ – 30%, NGOs – 10% എന്ന അനുപാതത്തിൽ ഗ്രാന്റ് നൽകിവരുന്നു. പ്രസ്തുത ക്രഷ് സെന്ററുകളിലൂടെ 6 മാസം മുതൽ 6 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ആവശ്യമായ പരിപാലനം നൽകുന്നതിന്റെ ഭാഗമായി സപ്ലിമെന്ററി ന്യൂട്രിഷൻ , ഉറങ്ങുന്നതിനുള്ള സൗകര്യം , ഗ്രോത്ത് മോണിറ്ററിങ്, ഹെൽത്ത് ചെക്കപ്പ്, മെഡിസിൻ & ഫസ്റ്റ് എയ്ഡ്, കുഞ്ഞുങ്ങളുടെ പ്രായത്തിനനുസരിച്ചുള്ള കളിക്കോപ്പുകൾ, പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് എന്നീ സൗകര്യങ്ങൾ നൽ കുക എന്നതാണ് പദ്ധതി ലക്ഷ്യം.

- പ്രവർത്തന രഹിതമായ ക്രഷുകളെ റീ ഷിഫ്റ്റ് ചെയ്യുന്ന പദ്ധതി

നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായി വനിത ശിശു വികസന വകുപ്പ് മുഖേന ഗ്രാന്റ് അനുവദിച്ചു വരുന്ന ക്രഷുകളിൽ നിലവിൽ പ്രവർത്തന രഹിതമായ ക്രഷുകളെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിന്റെ (2017) പരിധിയിൽ വരുന്ന പൊതു കെട്ടിട സമുച്ചയങ്ങളിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വകുപ്പ് മുഖേനെ നടപ്പിലാക്കുന്നു.

അങ്കണവാടി പ്രീ സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചുവടെ പരാമർ ശിക്കുന്ന പദ്ധതികൾ/ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

- <u>ദിനാചരണങ്ങൾ</u>

വിവിധ ദിനാചരണങ്ങൾ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ പ്രോഗ്രാം ഓഫീസർ മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്. ദേശീയ പ്രാധാന്യമുള്ള വിവിധ ദിനങ്ങളുടെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.

- <u>സംസ്ഥാന അവാർഡ്</u>

എല്ലാ വർഷവും എന്ന പോലെ കോവിഡ് – 19, പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ സാഹചര്യങ്ങളിലും അങ്കണവാടി വർക്കർ (37), ഹെൽപ്പർ (37), സൂപ്പർവൈസർ (14), ശിശു വികസന പദ്ധതി ഓഫീസർമാർ (1), പ്രോഗ്രാം ഓഫീസർ (1), ജില്ലാ കളക്ടർ (1) എന്നിവർക്ക് അവരുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലും, മികച്ച അങ്കണവാടിയ്ക്കും സംസ്ഥാന സർക്കാർ അവാർഡ് നൽകി വരുന്നു.

- <u>പ്രവേശനോത്സവം</u>

എല്ലാ വർഷവും ജൂൺ, നവംബർ മാസങ്ങളിൽ അങ്കണവാടികളിലെത്തുന്ന കുട്ടികൾക്കുള്ള സ്വീകരണവും പഠനം കഴിഞ്ഞ് പിരിഞ്ഞ് പോകുന്ന കുട്ടികൾക്കുള്ള യാത്രയയപ്പുമുൾപ്പെടെയുള്ള പരിപാടി പ്രവേശനോത്സവത്തോടനുബന്ധിച്ച് നടപ്പിലാക്കിവരുന്നു.

- <u>പ്രീസ്കൂൾ തീം അധിഷ്ഠിത പോസ്റ്റർ</u>

കോവിഡ് – 19 വ്യാപനത്തെ തുടർന്ന് പ്രഖ്യാപിക്കപ്പെട്ട നിയന്ത്രണങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ അങ്കണവാടികൾ തുറക്കാനാകാത്ത സാഹചര്യത്തിൽ പ്രീസ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പ്രതിസന്ധി നേരിട്ടിരിക്കുന്നതിനാൽ ടി അവസ്ഥ തരണം ചെയ്യുന്നതിനായി പ്രീസ്കൂൾ പ്രവർത്തനങ്ങളുടെ തീം അധിഷ്ഠിത പോസ്റ്റർ പ്രീസ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

- <u>ജെന്റർ ആഡിറ്റിംഗ്</u>

വളരെ ചെറുപ്പകാലം മുതൽ തന്നെ കുട്ടികളിൽ ജെന്റർ അവബോധം ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി അങ്കണവാടികളിൽ നിലവിൽ ഉപയോഗിച്ച് വന്നിരുന്ന പ്രീ സ്കൂൾ അധ്യാപക പഠന സഹായി, പ്രവർത്തന പുസ്തകം എന്നിവ മുൻ ജെന്റർ അഡ്വൈസർ ആയ ശ്രീമതി T K ആനന്ദി

അധ്യക്ഷയായ 5 അംഗ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ജെന്റർ ആഡിറ്റിംഗ് നടത്തുകയും കമ്മിറ്റിയുടെ ശിപാർശകൾ പ്രകാരം അങ്കണപൂമഴ പാഠപുസ്തകത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രിന്റ് ചെയ്ത് അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

- <u>വയസ്സിനാനുപാതികമായി പ്രീ സ്കൂൾ കുട്ടികൾക്കുള്ള വർക്ക് ബുക്ക്</u>

കേരളത്തിലെ അങ്കണവാടികളിൽ നിലവിൽ ഉപയോഗിച്ച് വരുന്ന അങ്കണപൂമഴ വർക്ക് ബുക്ക് 3 മുതൽ 6 വയസ്സ് വരെയുള്ള പ്രീ സ്കൂൾ കുട്ടികൾക്ക് ഏകീകൃതമായി ഉപയോഗിക്കുന്ന തരത്തിലുള്ളതാണ്. അത് 3-4, 4-5, 5-6 വയസ്സിലുള്ള കുട്ടികൾക്ക് ഉപയോഗിക്കത്തക്ക തരത്തിൽ മാറ്റങ്ങൾ വരുത്തി പ്രിന്റ് ചെയ്ത് അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു

- <u>അങ്കണവാടികൾക്ക് Baby Friendly Toilet നിർമ്മിക്കുന്ന പദ്ധതി</u>

വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയിൽ ശിശു സൗഹൃദ ടോയ്‌ലറ്റ് നിർമ്മാണത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 60:40 എന്ന അനുപാതത്തിൽ തുക വകയിരിത്തിയിട്ടുള്ള പദ്ധതിയാണിത്. ഒരു അങ്കണവാടിക്ക് 12,000/- രൂപയാണ് അനുവദിക്കുന്നത്. അധികമായി വേണ്ടിവരുന്ന തുക തദ്ദേശ സ്വയം ഭരണ സ്ഥാപനം വഴി കണ്ടെത്തുന്നു.

- <u>സ്വന്തം കെട്ടിടമുള്ള അങ്കണവാടികളിൽ കുടിവെള്ള സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി</u>

വനിതാശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയിൽ കുടിവെള്ള സംവിധാനം ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 60:40 എന്ന അനുപാതത്തിൽ തുക വകയിരിത്തിയിട്ടുള്ള പദ്ധതിയാണിത്. ഒരു അങ്കണവാടിക്ക് 10,000/- രൂപയാണ് അനുവദിക്കുന്നത്. അധികമായി വേണ്ടിവരുന്ന തുക തദ്ദേശ സ്വയം ഭരണ സ്ഥാപനം വഴി കണ്ടെത്തുന്നു.

- <u>സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം</u>

2019 മുതൽ സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിൽ സ്വന്തമായി സ്ഥലം ലഭ്യമായ അങ്കണവാടികൾക്ക് ആധുനിക രീതിയിലുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കി സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിച്ചു വരുന്നു. സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് (10,7.5,5,3,3(slopping terrain), 1.25 cent) അനുസരിച്ച് 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിന്റേയും കോളേജ് ഓഫ് ആർകിടെക്ചറിന്റേയും സാങ്കേതിക സഹായത്തോടെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഹാൾ, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ, ഔട്ട്ഡോർ പ്ലേ ഏരിയ തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉറപ്പു വരുത്തിയാണ് സ്മാർട്ട് അങ്കണവാടി പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. കുട്ടികൾക്കായി പ്രീ സ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽ, സ്മാർട്ട് ടി.വി, മ്യൂസിക് സിസ്റ്റം, ന്യൂട്രി ഗാർഡൻ, കുട്ടികൾ വീഴുമ്പോൾ പരുക്ക് പറ്റാതിരിക്കുവാൻ ക്ലാസ്സ് മുറിയ്ക്കുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട് ഡോർ പ്ലേ ഏരിയയിൽ ഗ്രാസ്സ് മാറ്റ്, ചുമർ ചിത്രങ്ങൾ, അഡോളസെന്റ് കുട്ടികൾക്കായി ലൈബ്രറി, മാനസിക ശാരീരിക വികാസത്തിനായി ആവശ്യമായ സജ്ജീകരണങ്ങൾ എന്നിവ സ്മാർട്ട് അങ്കണവാടികളിൽ ഒരുക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം കെട്ടിടനിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

- <u>അങ്കണവാടി നവീകരണം</u>

2022–23 സാമ്പത്തിക വർഷം ഒരു ലക്ഷം രൂപ നിരക്കിൽ 100 അങ്കണവാടികൾ 100 ലക്ഷം രൂപ വിനിയോഗിച്ച് നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം രൂപ മുതൽ പത്ത് ലക്ഷം രൂപ വരെ വിനിയോഗിച്ച് ശോച്യാവസ്ഥയിലുള്ള 25 അങ്കണവാടികൾ നവീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

- <u>അങ്കണവാടി സർവ്വീസസ്(ജനറൽ)</u>

ദേശീയ തലത്തിൽ സ്ത്രീകളുടേയും കുട്ടികളുടേയും വികാസത്തിന് വേണ്ടി നടപ്പാക്കുന്ന ഒരു ബൃഹത് പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി. അങ്കണവാടികളുടെ ആകസ്മിക ചെലവുകൾ (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്), അങ്കണ വാടികൾക്കാവശ്യമായ പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ്, അങ്കണവാടികൾക്കാവശ്യമായ മെഡിസിൻ കിറ്റ്, അങ്കണവാടി പ്രവർത്തകർക്കുള്ള യൂണിഫോം എന്നിവയ്ക്ക് കേന്ദ്ര സർക്കാർ 60:40 എന്ന അനുപാതത്തിൽ തുക അനുവദിച്ച് വരുന്നു.

- <u>അങ്കണവാടി കെട്ടിടനിർമ്മാണം (MGNREGS)</u>

വനിതാശിശു വികസന വകുപ്പിന് കീഴിലുള്ള അങ്കണവാടികൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു അങ്കണവാടി

കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS മിഷനും , 2 ലക്ഷം രൂപ 60:40 എന്ന കേന്ദ്ര സംസ്ഥാന അനുപാതത്തിലും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥയിൽ 923 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണാനുമതി ലഭ്യമായിട്ടുണ്ട്. ടി പദ്ധതി പ്രകാരം 785 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

<u>സ്റ്റേറ്റ് നിർഭയ സെല്ലിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച്</u>

സ്റ്റേറ്റ് നിർഭയ സെല്ലിന് കീഴിൽ പ്രൊട്ടക്ഷന്റെ ഭാഗമായി പോക്സോ അതിജീവിതരായ പെൺകുട്ടികളെ താമസിപ്പിക്കുന്നതിലേക്കായി വിവിധ ജില്ലകളിലായി എൻട്രി ഹോമുകൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള 22 ഹോമുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ തേജോമയ ഹോം, ഇന്റഗ്രേറ്റഡ് കെയർ സെന്റർ, തൃശ്ശൂർ മോഡൽ ഹോം, എസ്.ഒ.എസ്. മോഡൽ ഹോം, ഹോം ഫോർ മെന്റൽ ഹെൽത്ത് എന്നിവയും പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ഐ.ഇ.സി. പദ്ധതി, ധീര പദ്ധതി, ആശ്വാസനിധി, കാവൽപ്ലസ്, ലീഗൽഡസ്ക്, എന്നീ പദ്ധതികളും നിർഭയസെല്ലിന് കീഴിൽ നടപ്പിലാക്കി വരുന്നു. 2022 മാർച്ച് മാസത്തെ കണക്കുപ്രകാരം നിർഭയസെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഹോമുകളിലായി 504 പോക്സോ അതിജീവിതർ താമസിച്ചുവരുന്നു. നിർഭയസെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, പദ്ധതികൾ എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

- <u>എൻട്രി ഹോമുകൾ</u>

ജില്ലകളിൽ പ്രവർത്തിക്കുന്ന എൻട്രി ഹോമിൽ എത്തുന്ന പോക്സോ അതിജീവിതരെ 48 മണിക്കൂറിനുള്ളിൽ വൈദ്യ പരിശോധന നടത്തുകയും 2 ആഴ്ച്ചയ്ക്കകം ഹോം സ്റ്റഡി റിപ്പോർട്ട് പൂർത്തിയാക്കുകയും ചെയ്യുന്നു. താമസക്കാരുടെ ഇൻഡിവിജ്യൽ കെയർ പ്ലാൻ തയ്യാറാക്കി രക്ഷിതാക്കളുടെ യോഗം ചേർന്ന് സ്വഭവനങ്ങളിൽ തന്നെ താമസിപ്പാക്കാനാകുമോയെന്ന് പരിശോധിക്കുന്നു . സാദ്ധ്യമാകാത്ത പക്ഷം വിദ്യാർത്ഥികളാണെങ്കിൽ അവരെ തൃശ്ശൂർ മോഡൽ ഹോമിലേക്ക് മാറ്റി തുടർ വിദ്യാഭ്യാസം നൽകുന്നു. തൊഴിൽ പരിശീലനം ആവശ്യമുളളവരാണെങ്കിൽ തേജോമയ ആഫ്റ്റർ കെയർ ഹോമിലേക്കും മാറ്റി തൊഴിൽ പരിശീലനം നൽകുന്നു. വിവിധ കാരണങ്ങളാൽ സ്വഭവനങ്ങളിലേക്കോ മറ്റ് ഹോമുകളിലേക്കോ മാറ്റി പാർപ്പിക്കാനാവാത്ത അതിജീവിതരെ എൻട്രി ഹോമുകളിൽ വച്ച് തന്നെ ആവശ്യമായ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകുന്നു.

ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ, വനിതാ സംരക്ഷണ ഓഫീസർ എന്നിവരടങ്ങുന്ന ടീം മാസത്തിൽ ഒരിക്കൽ എൻട്രി ഹോമുകൾ സന്ദർശിച്ച് താമസക്കാരുടെ സ്ഥിതി വിലയിരുത്തി അനുയോജ്യമായ സ്ഥാപനങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിന് തീരുമാനമെടുത്ത് മൂന്ന് മാസത്തിനുള്ളിൽ തന്നെ ഐ .സി.പി. പ്രകാരമുള്ള പുനരധിവാസ പദ്ധതി സി.ഡബ്ല്യൂ.സിയുടെ അനുമതിയോടെ നടപ്പിലാക്കുന്നു.

സ്വഭവനങ്ങളിലേക്ക് തിരികെ ഉൾച്ചേർക്കുന്ന കുട്ടികൾക്ക് ആവശ്യമായ ഫോളോ- അപ്പ് അതാത് എൻടി ഹോം, ഡി.സി.പി.ഒ ഓഫീസ്, കാവൽ പ്ലസ് പദ്ധതി എന്നിവ മുഖേന നടപ്പിലാക്കി വരുന്നു.

- <u>മോഡൽ ഹോം ഫോർ ഗേൾസ്, തൃശ്ശൂർ</u>

എൻടി ഹോമിൽ താമസിക്കുന്ന കുട്ടികളെ 3 മാസത്തിനുള്ളിൽ പുനരധിവാസ പ്രക്രിയ പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ അവരുടെ പഠനവും ജീവിതനൈപുണ്യവും മറ്റും ഉറപ്പുവരുത്തുന്നതിനുവേണ്ടിയും കുട്ടികളുടെയും അവരുടെ രക്ഷകർത്താക്കളുടേയും സമ്മതത്തോടുകൂടി തൃശ്ശൂർമോഡൽ ഹോമിലേക്ക് സി.ഡബ്ല്യൂ.സിയുടെ ഉത്തരവ് പ്രകാരം മാറ്റിപ്പാർപ്പിക്കുന്നു . 12-18 വരെയുള്ള വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളും നൽകി സംരക്ഷിച്ചു പോരുന്നു . 150 കുട്ടികളെ പാർപ്പിക്കുവാൻ ഇവിടെ സൗകര്യം ഒരുക്കിയിട്ടുണ്ട്. പഠനത്തോടൊപ്പം കുട്ടികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അതിലൂടെയുള്ള പരിശീലനം കൂടി നൽകി പുനരധിവസിക്കുന്നു.

- <u>എസ്.ഒ.എസ്. മോഡൽ ഹോം, തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്</u>

12 വയസ്സിന് താഴെയുള്ള അതിജീവിതർക്ക് ഭവനാന്തരീക്ഷം നൽകി പരിപാലിക്കുന്നതിനാണ് എസ്.ഒ.എസ്. മോഡൽ ഹോം ലക്ഷ്യമിടുന്നത്.ഓരോ എസ്.ഒ.എസ്. മോഡൽ ഹോമിലും ഒരമ്മയും സഹായിയും ചേർന്ന് ആറ് മുതൽ എട്ട് വരെ കുട്ടികളെ പരിപാലിക്കുന്നു . ഇത്തരത്തിലുള്ള ഓരോ ഹോമുകൾ വീതം തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു.

- <u>ഇന്റഗ്രേറ്റഡ് കെയർ സെന്റർ</u>

എൻടി ഹോമിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും എം.ടി.പി. കഴിഞ്ഞവർക്കും പ്രത്യേക പരിചരണം നൽകുന്നതിനും വേണ്ടി തിരുവനന്തപുരം ജില്ലയിൽ ഇന്റഗ്രേറ്റഡ് കെയർ സെന്റർ എന്ന പേരിൽ ഒരു പുതിയ ഹോം ആരംഭിച്ചിട്ടുണ്ട്.

- <u>ഹോം ഫോർ മെന്റൽ ഹെൽത്ത്</u>

നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഹോമുകളിലെ താമസക്കാരിൽ പെരുമാററ വൈകല്യം മുതൽ ഗുരുതരമായ മാനസിക രോഗങ്ങൾക്ക് വരെ ചികിത്സ തേടുന്നവരുണ്ട്. ഇത്തരത്തിലുള്ള കുട്ടികൾക്ക് ശിശു സൗഹാർദ്ദമായ അന്തരീക്ഷത്തിൽ ചികിത്സയും പ്രത്യേക പരിചരണവും നൽകി സാധാരണ ജീവിതത്തിലേക്ക് തിരികെ എത്തിക്കുന്നതിനാണ് തൃശ്ശൂർ ജില്ലയിൽ ഹോം ഫോർ മെന്റൽ ഹെൽത്ത് പ്രവർത്തിക്കുന്നത്.

- <u>തേജോമയ ആഫ്റ്റർ കെയർ പദ്ധതി</u>

നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഹോമുകളിലെ താമസക്കാരെ 16 വയസ്സ് പൂർത്തിയായവരും റെഗുലർ സ്കൂൾ പഠനത്തിന് താൽപര്യമില്ലാത്തവരുമായ കുട്ടികൾക്ക് വരുമാനദായകമായ തൊഴിൽ പരിശീലനവും തൊഴിലും നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥാപനമാണ് തേജോമയ അഫ്റ്റർ കെയർ ഹോം. എറണാകുളം ജില്ലയിൽ എടക്കാട്ടുവയലിൽ 19 കുട്ടികളുമായി പ്രവർത്തിച്ചുവരുന്നു.

- <u>ആഫ്റ്റർ കെയർ ഹോം</u>

18 വയസ്സ് കഴിഞ്ഞ അംഗങ്ങളെ പ്രത്യേകം താമസിപ്പിച്ച് പുനരധിവാസവും പുനരേകീകരണവും സാദ്ധ്യമാക്കുന്നതിന് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഓരോ ആഫ്റ്റർ കെയർ ഹോമുകൾ സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- <u>മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ ഹോം</u>

നിലവിലെ സാഹചര്യത്തിൽ എസ്.ഒ.എസ്. ഹോമിലും എൻടി ഹോമുകളിലും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ മറ്റ് കുട്ടികളോടൊപ്പം താമസിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവരുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് കൃത്യമായ രീതിയിലുള്ള അവരുടെ വികസനം ഉറപ്പുവരുത്തുക , അവർക്ക് കൃത്യമായ പരിചരണം ലഭ്യമാക്കുക, ഓരോ കുട്ടികൾക്കുവേണ്ടിയും അവരുടെ കഴിവിനനുസരിച്ചുള്ള തൊഴിൽ പരിശീലനവും ജീവിതനൈപുണ്യവും ലഭ്യമാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് പ്രസ്തുത ഹോം തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്.

- <u>ധീര പദ്ധതി</u>

നമ്മുടെ സമൂഹത്തിൽ ഇന്ന് സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്തുക, മാനസിക-ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുക, അതിക്രമങ്ങളെക്കുറിച്ച് ബോധവതികളാക്കുക, സ്വയരക്ഷ സാധ്യമാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ ധീര എന്ന പേരിൽ വനിതാശിശുവികസന വകുപ്പ് നിർഭയസെൽ മുഖാന്തിരം പഞ്ചായത്ത് തലത്തിൽ ആയോധനകലകൾ അഭ്യസിപ്പിക്കുന്നതിലേക്ക് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഇതിലേക്കായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിലെ 10 വയസ്സിനും 15 വയസ്സിനും ഇടയിലെ കുട്ടികളെ അവിടുത്തെ അങ്കണവാടി കൗമാര ക്ലബ്ബ് വഴി കണ്ടെത്തി ആയോധന കല അഭ്യസിക്കാൻ താത്പര്യമുള്ള കുട്ടികളെ ചുവടെ ചേർക്കും പ്രകാരം തെരഞ്ഞെടുക്കുന്നു.

- മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെട്ട മാതാപിതാക്കൾ ഉള്ളവർ
- മാതാവോ പിതാവോ നഷ്ടമായവർ
- മാതാപിതാക്കളല്ലാത്ത ബന്ധുക്കളോടൊപ്പം താമസിക്കുന്നവർ
- മറ്റ് അരക്ഷിതമേഖലകളിലെ കുട്ടികൾ (ജില്ലാ ശിശുസംരക്ഷണ ഓഫീസർക്കോ, സി.ഡി.പി.ഒ.യ്ക്കോ, ഐ.സി.ഡി.എസ്. സൂപ്പർവൈസർക്കോ നേരിട്ട് ബോദ്ധ്യപ്പെട്ടവർ)
- ഏതെങ്കിലും അതിക്രമം മുമ്പ് നേരിട്ടിട്ടുള്ള കുട്ടികൾ

- <u>ആശ്വാസനിധി (സർക്കാർ ഉത്തരവ് (സാധാ) നം. 701/2018-സാനീവ തീയതി 10.12.2018)</u>

അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും ഗുരുതരമായ ക്ഷതങ്ങളോ രോഗങ്ങളോ ഉണ്ടാകാറുണ്ട്. ആസിഡ് അതിക്രമങ്ങൾ അതിജീവിച്ചവർക്ക് പലപ്പോഴും ജീവിതകാലം മുഴുവൻ ഘട്ടംഘട്ടമായുള്ള ശാരീരിക മാനസിക ചികിത്സകൾ വേണ്ടിവരുന്നു. ഇത്തരത്തിലുള്ളവർക്ക് അടിയന്തിര ധനസഹായമെന്ന നിലയിൽ ആരംഭിച്ച പദ്ധതിയാണ് ആശ്വാസനിധി. ആശ്വാസനിധി പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 466 ഗുണഭോക്താക്കൾക്കായി 3,78,55,000/- രൂപ വിതരണം ചെയ്തു.

- <u>ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും ലൈംഗികാതിക്രമം അതിജീവിച്ച കുട്ടികളുടെയും സാമൂഹികാധിഷ്ഠിത പുനരധിവാസ പദ്ധതി (കാവൽപ്ലസ്) എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കി.</u>

  വനിതാശിശുവികസന വകുപ്പ് നടപ്പിലാക്കി വരുന്ന കാവൽപ്ലസ് പദ്ധതി ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും ലൈംഗികാതിക്രമം അതിജീവിച്ച കുട്ടികളുടെയും സാമൂഹികാധിഷ്ഠിത പുനരധിവാസം ലക്ഷ്യമിടുന്നു . മാനസികവും സാമൂഹികവുമായ പരിരക്ഷ ഈ പദ്ധതിയിലൂടെ കുട്ടികൾക്ക് ലഭ്യമാക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കുകയും ചെയ്യുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ പ്രോജക്ട് (കാവൽപ്ലസ്).

പ്രസ്തുത പദ്ധതി ആദ്യഘട്ടത്തിൽ (2020-21) തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പിലാക്കുകയും തുടർന്ന് 2021-22 ൽ അഞ്ചു ജില്ലകളിൽ കൂടി (കണ്ണൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം, ഇടുക്കി) വ്യാപിപ്പിക്കുകയും 800 ഓളം കുട്ടികൾക്ക് സേവനം ലഭ്യമാക്കുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. അടുത്ത വർഷം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് പദ്ധതിയിട്ടിരിക്കുന്നു. കാവൽപ്ലസ് പദ്ധതി മേൽപ്പറഞ്ഞ ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട എൻ .ജി.ഒ.കൾ മുഖേന ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

- <u>ലീഗൽ സെൽ</u>

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിന് വേണ്ടിയുള്ള സ്റ്റേറ്റ് നിർഭയ സെല്ലിൽ നിയമ നടത്തിപ്പ് സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിനും കുറ്റക്രുത്യങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിനും കേസ് അന്വേഷണം, സാക്ഷി വിസ്താരം തുടങ്ങിയ കോടതി നടപടികൾ ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരായി ശക്തമായ നിയമ നടപടികൾ പൂർത്തീകരിച്ച് പരമാവധി ശിക്ഷ ഉറപ്പ് വരുത്തുന്നതിനും വിക്റ്റിം കോംപൻസേഷൻ സ്കീം ,ആശ്വാസനിധി പദ്ധതി തുടങ്ങിയവ ഊർജിതമായി നടപ്പിലാക്കുന്നതിനും KeLSA, DLSA, paralegal volunteers, law college കൾ, സഖി വൺ സ്റ്റോപ്പ് സെൻററുകൾ തുടങ്ങിയ നിയമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുമായി സഹകരിച്ച് കൗൺസിലിംഗും നിയമപരമായ സഹായങ്ങളും സ്റ്റേറ്റ് തലത്തിൽ നടപ്പാക്കുന്നതിനും ജില്ലാതല പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനുമായി ഒരു ലീഗൽ അസിസ്റ്റൻറിന്റെ നേതൃത്വത്തിൽ ഒരു ലീഗൽ സെൽ പ്രവർത്തിച്ചു വരുന്നു.